## പതിമൂന്നാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.1519 — 15/02/2016-ൽ മറുപടിയ്ക്ക്

### നഗരസഭയുടെ കെട്ടിടങ്ങൾ

| ചോദ്യം<br>ശ്രീ.ജി.സുധാകരൻ | | മറുപടി<br>ശ്രീ.മഞ്ഞളാംകുഴി അലി<br>(നഗരകാര്യവും ന്യൂനപക്ഷ ക്ഷേമവും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | നഗരസഭയുടെ കെട്ടിടങ്ങൾ വാടകയ്ക്കു നൽകുന്നതിന് നിലവിലുള്ള മാനദണ്ഡമെന്താണ്; | (എ) | മുനിസിപ്പൽ ആക്ട് 215-2(എ) പ്രകാരമാണ് കെട്ടിടങ്ങൾ വാടകയ്ക്ക് നൽകുന്നത്. |
| (ബി) | കെട്ടിടം/മുറി എന്നിവയ്ക്കായുള്ള അപേക്ഷ അംഗീകരിച്ച് വാടക അഡ്വാൻസ് അടയ്ക്കുന്നതിന് രേഖാമൂലം കത്തു നൽകാറുണ്ടോ; എങ്കിൽ അഡ്വാൻസ് അടച്ച് എത്ര ദിവസത്തിനകം വാടക കരാർ എഴുതേണ്ടതാണ്; | (ബി) | ഇതു സംബന്ധിച്ച കൗൺസിൽ അംഗീകരിച്ച ലേല നിബന്ധനയിൽ വ്യവസ്ഥ ചെയ്ത പ്രകാരമാണ് സെക്യൂരിറ്റി/അഡ്വാൻസ് നഗരസഭകൾ സ്വീകരിക്കുന്നത്. |
| (സി) | മുറി/കെട്ടിടം അനുവദിച്ച് വാടക അഡ്വാൻസ് അടപ്പിച്ചു കഴിഞ്ഞ് വ്യവസ്ഥകളിൽ മാറ്റം വരുത്തുവാൻ നഗരസഭയ്ക്ക് അധികാരമുണ്ടോ; | (സി) യും (ഡി) യും (ഇ) യും | ബന്ധപ്പെട്ട ലേല നിബന്ധനകളുടെ അടിസ്ഥാനത്തിലുള്ള മാറ്റങ്ങൾ നഗരസഭയ്ക്ക് ചെയ്യാവുന്നതാണ്. |
| (ഡി) | ഇത്തരത്തിൽ വ്യവസ്ഥകളിൽ നിന്നും നഗരസഭ പിൻമാറുകയും വാടകക്കരാർ വെയ്ക്കുന്നതിന് തടസ്സം നേരിടുകയും ചെയ്താൽ അതിന്റെ ഉത്തരവാദിത്വം ആർക്കാണ്; | | |
| (ഇ) | പ്രസ്തുത കാലയളവിൽ ഉപഭോക്താവ് അടച്ചിട്ടുള്ള വാടക അഡ്വാൻസിന്റെ നഷ്ടപരിഹാരം നൽകാൻ നഗരസഭയ്ക്ക് ബാധ്യതയില്ലേ; | | |
| (എഫ്) | വാടക കരാർ നിലവിൽ വരാതെ വാടക പിരിക്കുന്നതിന് നഗരസഭയ്ക്ക് അധികാരമുണ്ടോ; ഉണ്ടെങ്കിൽ ഏതു നിയമപ്രകാരമാണ്; വ്യക്തമാക്കാമോ; | (എഫ്) | ഇല്ല |

| | | | |
|---|---|---|---|
| (ജി) | വാടക കരാർ നിലവിൽ വരാതിരിക്കുകയും വാടക അഡ്വാൻസിൽ നിന്നും വാടക ഈടാക്കുകയും ചെയ്യുന്നത് ഉപഭോക്താക്കളെ വഞ്ചിക്കുന്ന നടപടിയല്ലേ; ഇത്തരത്തിൽ അനഭിമതമായ പ്രവർത്തി ഏതെങ്കിലും നഗരസഭകളുടെ ഭാഗത്തുനിന്നുമുണ്ടായാൽ ഇടപെടുമോ ? | (ജി) | ശ്രദ്ധയിൽപ്പെടുന്ന പരാതികളിൽ നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ